**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 550** **24-08-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പ്രീ പാക്ക്ഡ്, പ്രീ ലേബൽഡ് ആയിട്ടുള്ള അരിയും ധാന്യങ്ങളും പാൽ ഉല്പന്നങ്ങളും ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്കുള്ള നികുതിയിളവ് ഒഴിവാക്കി പകരം അഞ്ച് ശതമാനം നികുതി ഈടാക്കുവാൻ തീരുമാനമെടുത്ത ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ സംസ്ഥാന ധനകാര്യ മന്ത്രി പങ്കെടുത്തിരുന്നോ; | (എ) | പങ്കെടുത്തിരുന്നു. |
| (ബി) | പ്രസ്തുത തീരുമാനത്തോട് സംസ്ഥാനം വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ; | (ബി) | ജി.എസ്.ടി. നികുതി നിരക്ക് പരിശോധിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശയാണ് നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ചയ്ക്ക് വന്നതും അംഗീകരിക്കപ്പെട്ടതും. സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ നികുതി വർദ്ധനവ് വരുത്തരുതെന്ന സംസ്ഥാന സർക്കാരിന്റെ കർശന നിലപാട് ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ്-ന്റെ യോഗത്തിലും തുടർന്ന് നടന്ന ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം സ്വീകരിക്കുകയുണ്ടായി. ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് ചെയർമാനെ രേഖാമൂലം ഇക്കാര്യം നേരിട്ട് അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | 2022 ജൂൺ 28, 29 തീയതികളിൽ നടന്ന നാല്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ അംഗീകരിച്ച മിനിട്സ് ലഭ്യമായിട്ടില്ല. സാധാരണയായി ഒരു ജി.എസ്.ടി. കൗൺസിൽ യോഗത്തിന്റെ മിനിട്സ് തുടർന്ന് നടക്കുന്ന ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ വെച്ച് അംഗീകരിച്ചതിന് ശേഷമാണ് പ്രസിദ്ധപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ